പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 560

27/09/2011-ൽ മറുപടിക്ക്

## മുൻസിപ്പാലിറ്റിയിൽ ആവശ്യമായ ജീവനക്കാരെയും ഫണ്ടും അനുവദിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി,<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| എ). കാസർഗോഡ് ജില്ലയിലെ നീലേശ്വരം കേന്ദ്രീകരിച്ച് പുതുതായി അനുവദിച്ച മുൻസിപ്പാലിറ്റിയിൽ ആവശ്യമായ ജീവനക്കാരെയും ഫണ്ടും അനുവദിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ? | (എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭയിൽ എൽ.ഡി. ക്ലാർക്ക് തസ്തിക ഒഴികെയുള്ള മറ്റെല്ലാ തസ്തികകളിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. എൽ.ഡി.ക്ലാർക്ക് തസ്തികയിൽ പഞ്ചായത്ത് ജീവനക്കാർ തുടർന്ന് വരുന്നതിനാൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ജീവനക്കാരെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് ജീവനക്കാരെ മാതൃ ലാവണത്തിലേക്ക് പുനർവിന്യസിക്കുന്ന മുറയ്ക്ക് ടി നഗരസഭയിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നീലേശ്വരം നഗരസഭക്ക് ഫണ്ട് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.